# ലോഗോസ് പഠനസഹായി – 2022

## മർക്കോസ് 9–16

**സുവിശേഷ കർത്താവ്**

മർക്കോസിന്റെ സുവിശേഷത്തിന്റെ രചയിതാവ്, തന്റെ വ്യക്തിത്വം സുവിശേഷത്തിൽ ഒരിടത്തും വെളിപ്പെടുത്തുന്നില്ല. രണ്ടാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ ജീവിച്ചിരുന്ന ഗ്രന്ഥകാരനും ഹിയരാപ്പൊളിസിലെ ബിഷപ്പുമായ പപ്പിയാസാണ് രണ്ടാംകാനോനിക സുവിശേഷത്തിന്റെ ഗ്രന്ഥകർത്താവിനെക്കുറിച്ച് ആദ്യമായി സാക്ഷ്യപ്പെടുത്തുന്നത്. അദ്ദേഹത്തിന്റെ വാക്കുകളിൽ മർക്കോസാണ് രണ്ടാം സുവിശേഷത്തിന്റെ കർത്താവ്. 'മർക്കോസ് പത്രോസിന്റെ ദ്വിഭാഷിയും, പത്രോസിൽ നിന്നുകേട്ട കാര്യങ്ങൾ മുഴുവനും ഓർമയിൽവച്ച് എഴുതിയ ആളുമാണ്. മർക്കോസിന് പത്രോസിനോടുള്ള ബന്ധം എന്തായിരുന്നാലും, മർക്കോസിന്റെ പേരിലറിയപ്പെടുന്ന സുവിശേഷത്തിന്റെ ഗ്രന്ഥകർത്താവ് അദ്ദേഹം തന്നെയാണെന്നുള്ള കാര്യത്തിൽ മിക്ക പണ്ഡിതരും ഏകാഭിപ്രായമുള്ളവരാണ്. മാത്രമല്ല, അപ്പസ്തോലപ്രവർത്തനങ്ങളിലും പൗലോസിന്റെ ലേഖനങ്ങളിലും പരാമർശിക്കുന്ന "മർക്കോസ് എന്ന അപരനാമമുള്ള യോഹന്നാൻ" ഈ മർക്കോസ് തന്നെയാണ് എന്നും അഭിപ്രായമുണ്ട് (അപ്പ. 12.12,25; 13.5,13; 15.37,39; കൊളോ 4.10; 2 തിമോ 4.11; ഫിലെ 24). സുവിശേഷത്തിന്റെ ഉദ്ദേശ്യം റോമിലെ വിജാതീയ ക്രിസ്ത്യാനികൾക്കുവേണ്ടിയാണ് മർക്കോസ് സുവിശേഷം എഴുതിയത് എന്ന പുരാതന പാരമ്പര്യത്തോട് (പപ്പിയാസ്, എവുസേബിയൂസ്, ഇരണേവൂസ്, ഒരിജൻ, അലക്സാൺഡ്രിയായിലെ ക്ലെമന്റ്, ജറോം, എഫ്രേം തുടങ്ങിയവർ) പല ആധുനിക പണ്ഡിതരും യോജിക്കുന്നു. പാലസ്തീൻകാരല്ലാത്തവിജാതീയർക്കുവേണ്ടിയാണിതു രചിക്കപ്പെട്ടത് എന്നതിനു ചില സൂചനകൾ സുവിശേഷത്തിൽ തന്നെയുണ്ട്. അവർക്കുവേണ്ടി മർക്കോസ് ചില അറമായ പദങ്ങളും ശൈലികളും വിവർത്തനം ചെയ്യുകയും (cf. 3.17, 5.41; 7.11, 34; 14.36; 15.22, 34) യഹൂദരുടെ ചില ആചാരാനുഷ്ഠാനങ്ങൾ വിവരിക്കുകയും ചെയ്യുന്നു (cf. 7.3,4; 14.12; 15.42). സുവിശേഷത്തിന്റെ ഗ്രീക്കുമൂലത്തിൽ സുലഭമായിക്കാണുന്ന ലത്തീൻപദങ്ങളും ഈ റോമൻ ലക്ഷ്യമാണ് വ്യക്തമാക്കുന്നത്. മത്തായി എഴുതിയ സുവിശേഷത്തിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി യേശുവിനെ അവതരിപ്പിക്കുന്നു. ഈ പ്രത്യേകരീതി മർക്കോസ് വളരെ വിരളമായേ അവലംബിക്കുന്നുള്ളൂ. നേരേ മറിച്ച് വിജാതീയർക്കുള്ള യേശുവിന്റെ ദൗത്യത്തിന് മർക്കോസ് സവിശേഷമായ ഊന്നൽ നൽകുന്നു. (cf. മർക്കോ 5.1,41; 7.24,37; 8.1,10; 11.17 തുടങ്ങിയവ) മാത്രമല്ല യഹൂദ നിയമങ്ങളോടും ആചാരാനുഷ്ഠാനങ്ങളോടുമുള്ള വ്യക്തമായ എതിർപ്പ് അദ്ദേഹം പ്രകടമാക്കുന്നുമുണ്ട് (cf. മർക്കോ 2.1, 3:6; 7.1,23). മർക്കോസ് വിജാതീയ ക്രൈസ്തവ സമൂഹത്തിനുവേണ്ടി എഴുതിയെന്നാണ് സുവിശേഷത്തിലെ ആന്തരികമായ ഈ തെളിവുകളിൽ നിന്നു നാം മനസ്സിലാക്കേണ്ടത്.

**രചന: സ്ഥലവും കാലവും**

മുൻപറഞ്ഞ കാര്യങ്ങളിൽനിന്ന് അസന്നിഗ്ദമായ തെളിവ് ലഭിക്കുന്നില്ലെങ്കിലും, മർക്കോസിന്റെ സുവിശേഷത്തിന്റെ ഉത്ഭവം റോമായിലാണെന്നുള്ളതാണ് ഉറച്ച ആദിമ പാരമ്പര്യം. റോമിലെ മർദ്ദിതസഭ സുവിശേഷ രചനാവേളയിൽ മർക്കോസിന്റെമുന്നിലുണ്ടായിരുന്നതുകൊണ്ടാകാം, യേശുവിനെ അനുഗമിക്കാനാഗ്രഹിക്കുന്നവർ ആത്മപരിത്യാഗത്തിനും പീഡാസഹനത്തിനും തയ്യാറാകണമെന്നാണ് മർക്കോസ് ഊന്നിപ്പറയുന്നത്. രചനാകാലം കൃത്യമായി പറയാൻ ബുദ്ധിമുട്ടുണ്ടെങ്കിലും എ.ഡി.64നും 70-നും ഇടയ്ക്കാണെന്ന് മിക്ക പണ്ഡിതരും അഭിപ്രായപ്പെടുന്നു.

**മർക്കോസിന്റെ ശൈലി**

നാലു സുവിശേഷങ്ങളിൽ ഏറ്റവും ചെറുതാണ് മർക്കോസിന്റേത്. അദ്ദേഹത്തിന്റെ ഭാഷ വളരെ വ്യക്തവും ലേഖന ശൈലി ലളിതവും സജീവവുമാണ്. യേശുസംഭവത്തിന്റെ ഗതിവേഗം ഭാഷയിൽ ദൃശ്യമാണ്. ദൈവശാസ്ത്രമൊന്നുമറിയാത്തസാധാരണക്കാർക്ക് ഇഷ്ടപ്പെടുന്ന ഓജസ്സുള്ള, ചടുലമായ ഭാഷയാണ് അതിനുള്ളത്. ഹൃദയഹാരിയായ ഒരു ആഖ്യാനമായി മർക്കോസിന്റെ സുവിശേഷത്തെ എല്ലാവരും തന്നെ കരുതുന്നു. എന്നാൽ യേശുവിന്റെ ജീവിതത്തെയും ശുശ്രൂഷയെയും പറ്റി ലളിതവും ഋജുവുമായ ഒരു വിവരണമല്ല മർക്കോസിന്റേത്. യേശു പാരമ്പര്യങ്ങൾ സമാഹരിച്ച് ആഖ്യാനരൂപത്തിലാക്കുക മാത്രമല്ല സുവിശേഷകൻ ചെയ്തത്. യേശുവിന്റെ വചനങ്ങൾ, പ്രവൃത്തികൾ, പീഡാനുഭവം, മരണം ഇവയുടെ പ്രാധാന്യത്തെപ്പറ്റി അഗാധമായ ബോധ്യവും അവഗാഹവുമുണ്ടായിരുന്നു മർക്കോസിന്. ചില ദൈവശാസ്ത്രപരമായ ഉദ്ദേശ്യങ്ങളും പ്രബോധനപരമായ താത്പര്യങ്ങളും അദ്ദേഹത്തെ നയിച്ചിരുന്നു. സ്ഥലകാലങ്ങൾക്കനുസൃതം, അനു

ക്രമമായി യേശുസംഭവം അവതരിപ്പിക്കുകയായിരുന്നില്ല മർക്കോസിന്റെ മുഖ്യലക്ഷ്യം. മർക്കോസ് സുവിശേഷത്തിൽ പ്രതിപാദിക്കുന്ന വിവിധ പാരമ്പര്യങ്ങളെ ദുർബലമായി കൂട്ടിയിണക്കിയിരിക്കുന്നത് "വീണ്ടും", "എന്നിട്ട്", "ഉടൻ", "അവിടെ നിന്ന്", "അവൻ പോയി" തുടങ്ങിയ പ്രയോഗങ്ങളിലൂടെയാണ്. ഇവ ജീവചരിത്രപരമോ കാലാനുക്രമമോ ആയ പ്രത്യേക ഉദ്ദേശ്യങ്ങൾ ഒന്നും വെളിപ്പെടുത്തുന്നില്ല. സമാനമായ പാരമ്പര്യ വസ്തുതകൾ ഉൾക്കൊള്ളുന്ന പലഗണങ്ങൾ മർക്കോസിന്റെ സുവിശേഷത്തിലുണ്ട്. അതായത് 2.1 -3.6ൽ അഞ്ച് വിവാദ വിവരണങ്ങളും(conflict stories) 4.1-34 ൽ വിത്തിന്റെ മൂന്ന് ഉപമകളും 4.35-5.43ൽ യേശുവിന്റെ നാല് അദ്ഭുതങ്ങളുടെ വിവരണവും 11.27-12.37 ൽ മറ്റൊരു ഗണം വിവാദങ്ങളും കാണാം. ഈ ഗണങ്ങൾ സുവിശേഷരചനയ്ക്കു മുമ്പുതന്നെ ഉണ്ടായിരുന്നവയായിരിക്കണം. സുവിശേഷത്തിലെ ഇവയുടെ ക്രമീകരണം കാലാനുക്രമമോ ജീവചരിത്രപരമോ എന്നതിലുപരി പ്രമേയപരമായ ഒരു പരിഗണനയാണ് വെളിപ്പെടുത്തുന്നത്. എന്തായാലും സുവിശേഷത്തിൽ വിവരിച്ചിരിക്കുന്ന ക്രമത്തിലല്ല ഈ സംഭവങ്ങൾ നടന്നത്. ഒരു സംഭവ വിവരണത്തിനിടയ്ക്ക് മറ്റൊന്ന് തിരുകിക്കയറ്റുന്ന ഒരു പ്രത്യേകരചനാശൈലി മർക്കോസിന്റെ സുവിശേഷത്തിൽ കാണാം. 3.21-35 നുള്ളിൽ 3.22-30; 5.21-43 നുള്ളിൽ 5.25-34; 6.7-30 നുള്ളിൽ 6.14-29; 11.12-26 നുള്ളിൽ 11.15-19 തുടങ്ങിയവ സാഹിത്യപരമായ ഈ രചനാതന്ത്രത്തിന് ഉദാഹരണമാണ്. യേശുവിന്റെ ശുശ്രൂഷയെ സംബന്ധിച്ചുള്ള പൊതുവായ സംക്ഷിപ്ത പ്രസ്താവനകൾ (cf. 1.32,34,39,45; 2.13; 3.7,12; 6.6b,53.,56; പ്രത്യേകമായി 1.14,15) വരാൻ പോകുന്ന സംഭവങ്ങളെക്കുറിച്ചു ശ്രോതാക്കൾക്ക് നല്കുന്ന മുന്നറിയിപ്പ് (4:1നു മുമ്പ് 3.9; 3.31,35നു മുമ്പ് 3.21; 11.15,18നു മുമ്പ് 11.11;14.66,72 നു മുമ്പ് 14.54) ഇവയും സുവിശേഷകന്റെ പ്രത്യേകശൈലിയാണ്. **ഈ വർഷത്തെ പഠനഭാഗമായ മർക്കോസിന്റെ സുവിശേഷത്തിലെ 9 മുതൽ 16 വരെയുള്ള അധ്യായങ്ങളിലെ പ്രത്യേകം ശ്രദ്ധിക്കേണ്ട വചനങ്ങളും വാക്കുകളുമാണ് ഈ ലഘുപഠനത്തിൽ ഉൾച്ചേർത്തിരിക്കുക.**

## രൂപാന്തരീകരണം (9,2-13)

**9,1: ശക്തിയോടെ:** ദൈവരാജ്യം ദൈവത്തിന്റെ ശക്തിയാൽ ഈ ഭൂമിയിൽ സഭയിലൂടെ സ്ഥാപിതമാകുമെന്ന് പണ്ഡിതരിൽ ചിലർ ഇതിനെ മനസിലാക്കുമ്പോൾ, അന്ത്യവിധി ആസന്നമാണെന്ന സൂചനയാണ് ഈ വചനങ്ങളിലുള്ളതെന്ന് മറ്റുചിലർ കരുതുന്നു.

**മരിക്കുകയില്ലാത്ത ചിലർ:** ദൈവരാജ്യസംസ്ഥാപനത്തിന്റെ നിർണായക നിമിഷങ്ങളായ കുരിശുമരണത്തിനും ഉത്ഥാനത്തിനും സാക്ഷികളാകുമെന്നതാണ് യേശുവിന്റെ ഈ വാഗ്ദാനത്തിന്റെ പൊരുൾ. യേശുവിന്റെ മഹത്ത്വത്തിന്റെ മുന്നാസ്വാദനം, തുടർന്നു വിവരിക്കുന്ന യേശുവിന്റെ രൂപാന്തരീകരണത്തിൽ സുവിശേഷകൻ കാണുന്നു.

**9,2-8:** അപ്പസ്തോലന്മാർക്ക് ഒന്നാം പീഡാനുഭവപ്രവചനം (8,31.32) ഇടർച്ചയ്ക്കു കാരണമായെങ്കിൽ, രൂപാന്തരീകരണം അവരുടെ വിശ്വാസത്തെ സുദൃഢമാക്കി. യേശുവിന്റെ ജ്ഞാനസ്നാനത്തെപ്പോലെ ഈ സംഭവവും പരിശുദ്ധ ത്രിത്വത്തെ വെളിപ്പെടുത്തുന്നു: പിതാവിന്റെ ശബ്ദം (9,7) മുഴങ്ങിക്കേൾക്കുന്നു, പുത്രൻ രൂപാന്തരപ്പെടുന്നു (9,2), പരിശുദ്ധാത്മാവ് മേഘത്തിൽ (9,7) സന്നിഹിതനാകുന്നു. മരണത്തെ കീഴടക്കിയ യേശുവിന്റെ മഹിമപ്രാഭവത്തെക്കുറിച്ച് 2 കോറി 3,18-ഉം 2 പത്രോ 1,16-19-ഉം വിവരിക്കുന്നു്. മത്താ 17,1-8.

**9,2: ആറു ദിവസം കഴിഞ്ഞ്:** മോശ സീനായ്മലയിൽ ആറു ദിവസം ചെലവഴിച്ചുകഴിഞ്ഞ് (പുറ 24,15.16) ഏഴാം ദിവസം ദൈവം പ്രത്യക്ഷപ്പെട്ടതിനെ ഇത് അനുസ്മരിപ്പിക്കുന്നു. **പത്രോസിനെയും ...:** യേശുവിന്റെ ഏറ്റവുമടുത്ത മൂന്നു സഹചാരികൾ.

**ഉയർന്ന മല:** ഗലീലിയിലെ താബോർ മലതന്നെയാണ് ഇതെന്നാണ് പരമ്പരാഗത വിശ്വാസം. ദൈവശാസ്ത്രപരമായി ഈ മല സീനായ്മലയുടെ പുതിയനിയമ പ്രതിരൂപമാണ്. സീനായ് മലയിൽവച്ച് ദൈവം മോശയ്ക്കും (പുറ 24,15-18) ഏലിയായ്ക്കും (1 രാജാ 19,8-18) തന്റെ മഹത്ത്വം വെളിപ്പെടുത്തിയതുപോലെ യേശു ശിഷ്യൻമാർക്ക് തന്റെ ദൈവിക പ്രതാപം വെളിപ്പെടുത്തുന്നു. **രൂപാന്തരപ്പെട്ടു:** 'മെറ്റമോർഫോഥെ' എന്ന പദത്തിന് 'രൂപം മാറി' എന്നാണർഥം. ഉത്ഥാനത്തിനുശേഷം യേശു സ്വീകരിക്കാനിരിക്കുന്ന മഹത്ത്വപൂർണമായ രൂപത്തിന്റെ ദൃശ്യമാണിത്.

**9,4.5: ഏലിയായും മോശയും:** ഇവർ പഴയനിയമത്തിലെ പ്രവചനങ്ങളെയും നിയമങ്ങളെയും സീനായ്മലയുടെ പശ്ചാത്തലത്തിൽ പ്രതിനിധീകരിക്കുന്നു (പുറ 19,16-20; 1 രാജാ 19,2.8-14). മോശ എവിടെ സംസ്കരിക്കപ്പെട്ടുവെന്ന് ആർക്കുമറിയില്ലാത്തതിനാലും (നിയ 34,5-8) ഏലിയാ അഗ്നിരഥത്തിൽ എടുക്കപ്പെട്ടതിനാലും (2 രാജാ 2,1-11) ഇവർ മരിച്ചിട്ടില്ല എന്നാണ് യഹൂദ പാരമ്പര്യം. യേശുവാണ് വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായും പുതിയ ഉടമ്പടിയുടെ മധ്യസ്ഥനുമെന്ന് മോശയും ഏലിയായും സാക്ഷ്യപ്പെടുത്തുന്നു (ലൂക്കാ 24,25-27;

യോഹ 5,39). **മൂന്നു കൂടാരങ്ങൾ:** മത്താ 17,4.

**9,7: ഒരു മേഘം ... ആവരണംചെയ്തു:** പഴയനിയമത്തിൽ സമാഗമകൂടാരം മേഘത്താൽ ആവരണം ചെയ്യപ്പെടുമ്പോൾ ജനങ്ങളുടെ മധ്യത്തിൽ ദൈവത്തിന്റെ സാന്നിധ്യമുാകുന്നുവെന്നാണ് സൂചന (പുറ 40,34.35). ജറുസലേംദേവാലയത്തിൽ കർത്താവിന്റെ തേജസ്സായ മേഘം നിറഞ്ഞിരുന്നു (1 രാജാ 8,10).

**ഇവനെ ശ്രവിക്കുവിൻ:** മോശയെപ്പോലെ മറ്റൊരു പ്രവാചകനെ ഉയർത്തുമെന്ന് യാഹ്‌വേ വാഗ്ദാനംചെയ്തിരുന്നു (നിയ 18,15). മോശയെപ്പോലുള്ള പ്രവാചകൻ യേശു തന്നെയാണെന്ന് ഈ വാക്കുകളിലൂടെ പിതാവ് വ്യക്തമാക്കുന്നു (യോഹ 6,14; അപ്പ 3,22). മത്താ 17,5.

**9,9-13:** രൂപാന്തരീകരണവേളയിൽ യേശുവിനോടൊപ്പം ഏലിയായെ ശിഷ്യർ കാണുകയുായി. ഏലിയാ ആദ്യം വരണമെന്ന് പ്രവചിക്കപ്പെട്ടിട്ടുള്ളതിനാൽ (മലാ 4,5.6) യേശുവിനോടൊപ്പം ഏലിയായെ ദർശിച്ച ശിഷ്യന്മാർ അമ്പരന്നത് സ്വാഭാവികം. സ്നാപകയോഹന്നാൻ ഏലിയാതന്നെയാണെന്ന് ശിഷ്യന്മാർക്ക് യേശു വിശദീകരിച്ചുകൊടുത്തു. സ്നാപകനെപ്പോലെ താനും പീഡകൾ സഹിക്കുകയും നിന്ദനങ്ങൾ ഏല്ക്കുകയും ചെയ്യണമെന്നും യേശു പറയുന്നു. മർക്കോ 6,14-29.

**9,10: മരിച്ചവരിൽനിന്ന് ഉയിർക്കുക:** പുതിയനിയമ കാലഘട്ടത്തിലെ യഹൂദരുടെയിടയിൽ പൊതു ഉത്ഥാനത്തെക്കുറിച്ചുള്ള വിശ്വാസം വ്യാപകമായിരുന്നു (ദാനി 12,2; യോഹ 11,23-25; അപ്പ 24,15). സദ്ദുക്കായർ മാത്രമേ ഇത് പ്രകടമായി എതിർത്തിരുന്നുള്ളൂ (12,18). യേശു തന്റെ ഉത്ഥാനത്തെക്കുറിച്ചു പറയുമ്പോൾ ശിഷ്യന്മാർ ചിന്താക്കുഴപ്പത്തിലാകുകയാണ്; കാരണം, മരിച്ച് ഉത്ഥാനം ചെയ്യുന്ന ഒരു മിശിഹായെക്കുറിച്ച് അവർക്ക് സങ്കല്പിക്കാൻ പോലും കഴിഞ്ഞിരുന്നില്ല (8,31-33).

**9,11: ഏലിയാ ആദ്യം വരേതാണ്:** ഏലിയാ വീും വരുന്നതിനെക്കുറിച്ചുള്ള പ്രതീക്ഷ മലാ 4,5-ലെ പ്രവചനത്തിന്റെ വെളിച്ചത്തിലുള്ളതാണ്. 'കർത്താവിന്റെ ദിന'ത്തിനുവേി ഇസ്രായേലിനെ ഒരുക്കാൻ ദൈവം അയയ്ക്കുന്ന ഏലിയായുടെ ദൗത്യം കുടുംബബന്ധങ്ങളെയും (മലാ 4,6) ഇസ്രായേലിന്റെ പന്ത്രു ഗോത്രങ്ങളെയും (പ്രഭാ 48,10) പുനഃസ്ഥാപിക്കുക എന്നതായിരുന്നു. യേശുവിന്റെ മുൻഗാമിയെന്ന നിലയിലുള്ള ഈ പ്രവാചകദൗത്യം സ്നാപകയോഹന്നാനാണ് നിറവേറ്റുന്നത് (9,13). സ്നാപകന്റെ പഴയനിയമ പ്രതിരൂപമാണ് ഏലിയാ. (മർക്കോ 1,6).

**9,13: എഴുതപ്പെട്ടിരിക്കുന്നപോലെതന്നെ:** ആഹാബ് രാജാവും പത്നി ജസെബെലും ഏലിയാപ്രവാചകനെതിരേ തിരിഞ്ഞതുപോലെ (1 രാജാ 19,1-3), ഹേറോദേസ് അന്തിപ്പാസും ഹെറോദിയായും യോഹന്നാനെതിരേ തിരിയുകയും അദ്ദേഹത്തെ വധിക്കുകയും ചെയ്യുന്നു (6,27).

## പിശാചു ബാധിച്ച ബാലനു സൗഖ്യം (9,14-29)

**9,14-29:** രോഗം സുഖപ്പെടുത്താൻ കഴിയാതിരുന്ന ശിഷ്യന്മാരുടെ ദൈവത്തിലുള്ള വിശ്വാസക്കുറവ് യേശു വെളിപ്പെടുത്തുന്നു (19). യേശുവിന്റെ നാമത്തിൽ പ്രവർത്തിക്കുമ്പോഴും ബോധപൂർവം ദൈവത്തിൽ വിശ്വസിച്ച് ആശ്രയിക്കുക ആവശ്യമാണെന്ന് അവിടന്ന് വ്യക്തമാക്കുന്നു.

**9,18:** അപസ്മാരത്തോട് സാമ്യമുള്ളവയാണ് ഇവിടെ വിവരിക്കപ്പെട്ടിരിക്കുന്ന ലക്ഷണങ്ങൾ (9,18). പിശാചുബാധ രോഗത്തിലൂടെയും ഭയാനകമായ ചേഷ്ടകളിലൂടെയും സ്വയം മുറിവേല്പിക്കുന്നതിലൂടെയും (മത്താ 8,16; മർക്കോ 1,26; 5,2-5) പ്രകടമാകുമെന്നത് അക്കാലങ്ങളിലെ വിശ്വാസമായിരുന്നു.

**9,22: എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ:** ശിഷ്യരുടെ പരാജയം കുട്ടിയുടെ പിതാവിന്റെ വിശ്വാസം ക്ഷയിപ്പിച്ചുവെന്നു സൂചിപ്പിക്കുന്നതാണ് യേശുവിനോടുള്ള ഈ അഭ്യർഥന.

**9,23: വിശ്വസിക്കുന്നവന്:** യേശുവിന്റെ പ്രവർത്തനത്തിന് നിർണായകമാണ് വിശ്വാസം. അവിശ്വാസം പരിഹരിക്കണമേയെന്നത് ശക്തമായ വിശ്വാസപ്രകരണം തന്നെയാണ്. **എല്ലാക്കാര്യങ്ങളും സാധിക്കും:** സർവശക്തനായ ദൈവത്തിന് എല്ലാം സാധ്യമാണ്. പക്ഷേ, വിശ്വാസത്തോടും പ്രാർഥനയോടുംകൂടെ അതിനായി ആഗ്രഹിക്കണം (9,29; ജറെ 32,17; ലൂക്കാ 1,37).

**9,24:** "കുട്ടിയുടെ പിതാവ് കണ്ണീരൊഴുക്കിക്കൊ് വിളിച്ചുപറഞ്ഞു" എന്നു ചില പ്രാചീന കൈയെഴുത്തുപ്രതികളിൽ കാണുന്നു.

**9,29: പ്രാർഥനകൊല്ലാതെ:** "പ്രാർഥനയും ഉപവാസവും കൊല്ലാതെ" എന്നു ചില പ്രാചീന കൈയെഴുത്തു പ്രതികളിൽ കാണുന്നു.

## ശിഷ്യത്വം (9,42-50)

**9,42: ഇടർച്ചവരുത്തുന്നവന്:** 'സ്കാൻഡലോൺ' എന്ന ഗ്രീക്കുപദത്തിന്റെ മൂലാർഥം 'തട്ടിവീഴാൻ ഇടവരുത്തുക' എന്നതാണ്. വിശ്വാസം നഷ്ടപ്പെടാൻ ഇടവരുത്തുക എന്നതാണ് ഇവിടെ അർഥമാക്കുന്നത്. **ചെറിയവർ:** യേശുവിന്റെ ശിഷ്യരെയാണ് ഉദ്ദേശിക്കുന്നത് (മത്താ 18,10-14; 25,40-45).

**9,43: നരകം:** 'ഗെഹെന്ന' എന്നതാണ് ഹീബ്രുഭാഷയിലെ പദം. ജറുസലേമിനു തെക്കുഭാഗത്തുള്ള ഹിന്നോം താഴ്‌വരയിൽ മൊളെക്കുദേവന് കുഞ്ഞുങ്ങളെ ബലിയർപ്പിച്ചിരുന്ന ബലിപീഠം (cf. ജറെ 7,31; 19,5.6; 32,35) ജോസിയാ രാജാവ് തകർത്ത്, മാലിന്യം കത്തിക്കുന്ന സ്ഥലമാക്കി. തീ ഒരിക്കലും കെടാത്തതും പുഴുക്കൾ ചാകാത്തതുമായ സ്ഥലമായി (2 രാജാ 23,10) ഹിന്നോം താഴ്‌വര മാറി. (മത്താ 5.22).

**9,48:** ഈ വാക്യം ഏശയ്യാ 66,24-ന്റെ ആവർത്തനമാണ്.

**9,49:** ചില കൈയെഴുത്തുപ്രതികളിൽ "എല്ലാ ബലിയുടെയും ഉപ്പുകൊ് ഉറ കൂട്ടപ്പെടും" എന്നു ചേർത്തിരിക്കുന്നു. ശുദ്ധീകരണത്തിനും കേടുവരാതെ സൂക്ഷിച്ചുവയ്ക്കുന്നതിനും ഉപ്പ് ഉപയോഗിക്കുന്നുവെന്ന് ലേവ്യ 21,13 സൂചിപ്പിക്കുന്നു. **അഗ്നിയാൽ ഉറകൂട്ടപ്പെടും:** ഈ പ്രസ്താവന വിശ്വാസികളെ കാത്തിരിക്കുന്ന പരീക്ഷകളെയും പ്രലോഭനങ്ങളെയുംകുറിച്ചുള്ള സൂചനയാകാനാണ് സാധ്യത. 9,42-48-ന്റെ വെളിച്ചത്തിൽ, ഈ ഭാഗം പാപത്തെ ഒഴിവാക്കാൻ ആവശ്യമായ വിശുദ്ധീകരണത്തെയും സഹനങ്ങളെയും സൂചിപ്പിക്കുന്നു്. ഈ അഗ്നി നമ്മുടെ ക്രിസ്തീയ പ്രതിബദ്ധതയുടെ സംശുദ്ധി പരിശോധിക്കുകയും നമ്മെ പൂർണതയിലേക്ക് നയിക്കുകയും ചെയ്യാനുദ്ദേശിച്ചുള്ളതാണ് (പ്രഭാ 2,5; 1 പത്രോ 1,6.7).

## വിവാഹമോചനം (10,1-12)

**10,1: യൂദയാ പ്രദേശങ്ങളിലേക്ക്:** ഗലീലിയിലും ഉത്തരഗലീലിയിലെ വിജാതീയപ്രദേശങ്ങളിലുമുള്ള തന്റെ ശുശ്രൂഷ (1,4; 5,1; 7,24; 8,27) അവസാനിപ്പിച്ച് യേശു ദക്ഷിണദിക്കിലേക്ക്, ജറുസലേമിനഭിമുഖമായി നീങ്ങുന്നു (10,32; ലൂക്കാ 9,51). **ജോർദാന്റെ മറുകര:** പെരെയാ എന്നുകൂടി ഇതു വിളിക്കപ്പെടുന്നു. വിവാഹമോചനം നേടിയ ഹേറോദേസ് അന്തിപ്പാസിന്റെ ഭരണാധികാരത്തിൽപ്പെട്ട പ്രദേശമാണ് പെരെയാ.

**10,2: അവനെ പരീക്ഷിച്ചുകൊ്:** യേശുവിനെ ഇല്ലായ്മചെയ്യാനുള്ള തന്ത്രങ്ങളുടെ ഭാഗമായി ഫരിസേയർ അവിടത്തേക്കുവേി ഒരുക്കുന്ന കെണി (3,6). വിവാഹമോചനത്തിന്റെ നിയമസാധുത യേശു തള്ളിപ്പറയുമെന്നും അപ്രകാരം അവിടന്ന് ഭരണകർത്താവായ ഹേറോദേസ് അന്തിപ്പാസിന്റെയും അവന്റെ അവിഹിത ഭാര്യ ഹെറോദിയായുടെയും ക്രോധത്തിന് ഇരയാകുമെന്നും അവർ പ്രതീക്ഷിക്കുന്നു.

**10,4: മോചനപത്രം:** പഴയ ഉടമ്പടിപ്രകാരം ഇസ്രായേൽക്കാർക്ക് വിവാഹബന്ധം വേർപെടുത്താൻ മോശ നല്കിയ അനുവാദം (നിയ 24,1-4) അവരുടെ ദൗർബല്യത്തെ കണക്കിലെടുത്ത് രൂപംകൊടുത്ത ഒരു താത്കാലിക നിയമമായിരുന്നു (10,5). മോശ നല്കിയ വിവാഹമോചനാനുമതി പിൻവലിച്ചുകൊ് യേശു ഏകഭാര്യാഭർത്തൃത്വം (10,6-9) പുനഃസ്ഥാപിക്കുന്നു. **മോശ അനുവദിച്ചിട്ടു്:** നിയമാവർത്തനത്തിൽ ദൈവം ഇസ്രായേൽക്കാർക്കു നല്കുന്ന വിവിധ നിയമ ഇളവുകളിലൊന്നാണ് വിവാഹമോചനം. പഞ്ചഗ്രന്ഥം ശ്രദ്ധാപൂർവം വായിക്കുകയാണെങ്കിൽ സീനായ്മലയിൽവച്ച് മുദ്രചെയ്യപ്പെട്ട ലേവായ ഉടമ്പടിയും (പുറ 19-24; ലേവ്യ 27,34) നാല്പതു സംവത്സരങ്ങൾക്കുശേഷം മോവാബ് സമതലത്തിൽവച്ച് മുദ്രചെയ്യപ്പെട്ട നിയമാവർത്തന ഉടമ്പടിയും (നിയ 1,1-5; 29,1) തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയാൻ കഴിയും. മോശയുടെ ആദ്യത്തെ നിയമസംഹിതയിലുൾപ്പെടാത്തതും നിയമാവർത്തനത്തിൽമാത്രം കാണുന്നതുമായ പല നിയമങ്ങളുമു്. ഭക്താഭ്യാസങ്ങളെല്ലാം ഒരേയൊരു ദേവാലയത്തിൽ കേന്ദ്രീകരിക്കപ്പെട്ടു (നിയ 12,11). വംശഹത്യാപരമായ യുദ്ധങ്ങൾ ഇദംപ്രഥമമായി അനുവദനീയമായിത്തീർന്നു (നിയ 12,15-24). കൃപാസനത്തിനുമുമ്പിൽ ബലിയായർപ്പിക്കപ്പെട്ടിരുന്ന മൃഗങ്ങളെ അശുദ്ധമായ ചുറ്റുപാടുകളിൽ കൊുപോയി അറവുചെയ്യുന്നത് അനുവദനീയമായി (നിയ 12,15-24). കടംകൊടുത്ത പണത്തിന് പലിശ ഈടാക്കിക്കൊള്ളാൻ അനുമതിയും (നിയ 15,3; 23,20) വിവാഹമോചനത്തിന് ഇളവും ലഭിക്കുന്നു. ഇപ്രകാരമുള്ള നിയമങ്ങൾ സൂചിപ്പിക്കുന്നത് നിലവാരത്തകർച്ചയുായിരുന്ന ഇസ്രായേലിനുവേി ഉടമ്പടി വിശ്വസ്തതയുടെ മാനദണ്ഡങ്ങളെ ലഘൂകരിച്ച് ക്രമീകരിച്ച ചട്ടങ്ങളായിരുന്നു നിയമാവർത്തനത്തിലുള്ളത് എന്നാണ് (എസെ 20,25). ഗൗരവതരമായ തിന്മകൾ ഒഴിവാക്കാനായി ലഘുവായ തിന്മകൾ അനുവദിച്ചുകൊടുക്കുന്ന താത്കാലികമായ നിയമങ്ങളായിരുന്നു അവ. വിവാഹവും വിവാഹമോചനവും (മത്താ 19,9).

**10,6: ആരംഭം മുതലേ:** വിവാഹത്തിന്റെയും അതിനെ സംബന്ധിക്കുന്ന നിയമങ്ങളുടെയും ദാതാവ് ദൈവം മാത്രമാണ്.

**10,11.12:** മർക്കോസിന്റെ വിവരണത്തിൽ വിവാഹമോചനത്തെക്കുറിച്ച് ഭാര്യമാർക്കും ഭർത്താക്കന്മാർക്കും ഒരു

പോലെ മുന്നറിയിപ്പു നല്കുന്നു. യഹൂദനിയമമനുസരിച്ച് വിവാഹമോചനം നടത്താനുള്ള അവകാശം ഭർത്താക്കന്മാർക്കു മാത്രമായിരുന്നപ്പോൾ, റോമൻ നിയമമനുസരിച്ച് സ്ത്രീകൾക്കും അവകാശമുായിരുന്നു. അതുകൊാകണം റോമിലെ വിജാതീയക്രിസ്ത്യാനികൾക്ക് മർക്കോസ് 12-ാം വാക്യവും എഴുതിയത്. ഇവിടെയുള്ള താക്കീത് ഹേറോദേസിന്റെയും ഹേറോദിയായുടെയും കുപ്രസിദ്ധമായ വിവാഹത്തെ ഓർമപ്പെടുത്തുന്നു്. (മത്താ 14,4; 19,9).

### ബർത്തിമേയൂസിന് കാഴ്ച 10,46-52

**10,46-52:** ബർതിമേയൂസിന് കാഴ്ച കൊടുക്കുന്നത് മർക്കോസിന്റെ വിവരണത്തിൽ യേശുവിന്റെ അവസാന രോഗശാന്തിയും ജറുസലേമിനു പുറത്തുള്ള യേശുവിന്റെ പരസ്യശുശ്രൂഷയുടെ പരിസമാപ്തിയുമാണ്. ശിഷ്യത്വത്തെക്കുറിച്ചുള്ള മനോഹരമായ വിവരണം കൂടിയാണിത്. അന്ധരെ സുഖപ്പെടുത്തുന്ന സംഭവങ്ങൾ ശിഷ്യരുടെ പരിശീലനത്തിന്റെ ആരംഭവും (8,22-26) സമാപനവും (10,46-52) കുറിക്കുന്നു എന്നതുതന്നെ ഈ അദ്ഭുതങ്ങളിൽ ശിഷ്യത്വത്തിന്റെ പ്രമേയം ഒളിഞ്ഞിരിക്കുന്നു എന്നു കാണിക്കുന്നു. മത്താ 9,27-31; 20,29-34.

**10,46: ജറീക്കോ:** ജറൂസലേമിൽനിന്ന് ഇരുപത്തിനാലു കി.മീ. വടക്കു കിഴക്കായി, ചാവുകടലിൽനിന്നും എട്ടു കി.മീ. പടിഞ്ഞാറ് ജോർദാൻ താഴ്വരയിൽ സ്ഥിതിചെയ്യുന്നു.

**10,47: ദാവീദിന്റെ പുത്രൻ:** ദാവീദിന്റെ പിൻതലമുറക്കാരനും അവന്റെ സിംഹാസനത്തിന്റെ നിയമപരമായ അവകാശിയുമായി വരുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്ന മിശിഹാ (ഏശ 9,7; എസെ 34,23.24). യേശുവിനെ ആദ്യമായാണ് ഒരാൾ പരസ്യമായി 'ദാവീദിന്റെ പുത്രാ' എന്നു വിളിക്കുന്നത്. ജനക്കൂട്ടം 'നസറായൻ' എന്നു മാത്രമാണ് യേശുവിനെ വിശേഷിപ്പിക്കുന്നത്. ബർതിമേയൂസ് കൂടുതൽ മെച്ചമായി യേശുവിനെ മനസിലാക്കി എന്നർഥം.

### ജറുസലേം പ്രവേശനം (11,1-11)

**11,1-11:** ജറുസലേമിലേക്കു പ്രവേശനത്തിനായി ഒരുക്കം നടത്താൻ യേശു മുൻകൈയെടുക്കുന്നതും (1-6) തുടർന്ന് യേശുവിനെ ആരവങ്ങളോടെ ദേവാലയത്തിലേക്ക് എതിരേല്ക്കുന്നതും മർക്കോസ് വിവരിക്കുന്നു (7-11).

**11,1: ബേത്ഫഗെ:** അത്തികളുടെ ഭവനം എന്നർഥം വരുന്ന ഹെബ്രായ പദം. ഈ സ്ഥലം ബഥാനിയായുടെ അടുത്തായിരുന്നുവെന്ന് അനുമാനിക്കപ്പെടുന്നു. ജറുസലേമിന് മൂന്നു കി.മീ. കിഴക്കുഭാഗത്തായാണ് ബഥാനിയാ (യോഹ 11,18). മത്താ 21,1. **ഒലിവുമല:** സമുദ്രനിരപ്പിൽനിന്ന് 2600 അടി ഉയരത്തിൽ ജറുസലേമിന്റെ കിഴക്കുഭാഗത്തുള്ള മല. ഇതിന്റെ പടിഞ്ഞാറേ ചരിവ് ദേവാലയത്തിനഭിമുഖമാണ് (13,3). കിദ്രോൺ താഴ്വര ഈ മലയെ ജറുസലേംനഗരത്തിൽനിന്നു വേർതിരിക്കുന്നു.

**11,7: കഴുതക്കുട്ടി:** സഖ 9,9-ലെ മെസിയാനിക പ്രവചനത്തെ ഓർമിപ്പിക്കുന്നു. സൈനികാക്രമണത്തിനെന്നപോലെ പടക്കുതിരയുടെ പുറത്തല്ല, മറിച്ച്, സമാധാനപരമായി ഇസ്രായേലിലേക്ക് എഴുന്നള്ളുന്ന രാജാവിനെപ്പോലെ കഴുതക്കുട്ടിയുടെ പുറത്താണ് (സഖ 9,10) യേശു വരുന്നത്. ഇസ്രായേലിന്റെ രാജാവായി അഭിഷേകംചെയ്യപ്പെടാൻ സോളമൻ ജറുസലേമിലേക്കു രാജകീയമായി പ്രവേശിച്ചതിനെയും ഇത് അനുസ്മരിപ്പിക്കുന്നു് (1 രാജാ 1,32-40). ആരും ഉപയോഗിച്ചിട്ടില്ലാത്ത കഴുതക്കുട്ടിയെ ഉപയോഗിക്കുന്നതും യേശുവിന്റെ രാജത്വത്തിന്റെയും ദൈവികതയുടെയും സൂചനയാണ് (സംഖ്യ 19,2; നിയ 21,3; 2 സാമു 6,3). മത്താ 21,1-11.

**11,8-10:** രാജകീയപ്രവേശന വിവരണത്തിൽ ജറുസലേമിലേക്ക് പെസഹാത്തിരുനാളിനു പോകുന്ന തീർത്ഥാടകർ ഉരുവിട്ടിരുന്ന 118-ാം സങ്കീർത്തനത്തിന്റെ സൂചനകളു്. പച്ചിലക്കൊമ്പുകൾ സങ്കീ 118,27-ലെ മരച്ചില്ലകളേന്തിയുള്ള പ്രദക്ഷിണത്തെ ഓർമിപ്പിക്കുന്നു. 'ഞങ്ങളെ രക്ഷിക്കണമേ' എന്നർഥമുള്ള 'ഹോസാന' ആർപ്പുവിളി സങ്കീ 118,25-ൽനിന്നും 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ' എന്നത് സങ്കീ 118,26-ൽനിന്നും എടുത്തതാണ്. പിന്നീട് ദേവാലയത്തിൽവച്ച് യേശു 118-ാം സങ്കീർത്തനം വ്യാഖ്യാനം ചെയ്യുന്നുമു് (12,10.11).

**11,8: വസ്ത്രങ്ങൾ വിരിച്ചു:** കിരീടംചൂടുന്ന നവരാജാക്കന്മാരോടുള്ള ആദരസൂചകമായി ചെയ്യുന്ന പ്രതീകാത്മകമായ പ്രവൃത്തിയാണിത് (2 രാജാ 9,13).

### അത്തിവൃക്ഷം (11,12-14)

അത്തിവൃക്ഷത്തെ ശപിക്കുന്നതിനും (11,12-14) അത്തിവൃക്ഷം ഉണങ്ങുന്നതിനും (11,20-25) ഇടയ്ക്ക് ദേവാലയം ശുദ്ധീകരിക്കുന്നതു വിവരിക്കുന്നു (11,15-19). മിശിഹായെ തള്ളിക്കളഞ്ഞ ഇസ്രായേലിനെ ദൈവം ത്യജിക്കുന്നതിന്റെയും അവരുടെ ദേവാലയം നശിക്കുന്നതിന്റെയും പ്രതീകമാണ് അത്തിവൃക്ഷത്തെ ശപിക്കു

ന്നതും അത് ഉണങ്ങുന്നതും.

**11,13: അത്തിമരം:** ഇസ്രായേലിനെ സൂചിപ്പിക്കാൻ പരമ്പരാഗതമായി പ്രവാചകന്മാർ ഉപയോഗിച്ചിരുന്ന ഒരു പ്രതീകം (ജറെ 8,13; ജോയേ 1,7; ഹോസി 9,10). യേശു അത്തിമരത്തിൽ പഴങ്ങൾ അന്വേഷിക്കുന്നത് പ്രവാചകന്മാരുടെ പ്രതീകാത്മകമായ പ്രവൃത്തിക്കു സമാനമാണ്. യേശുവിന്റെ പ്രബോധനങ്ങൾക്കു ചെവികൊടുക്കാത്ത ഇസ്രായേലാണ് പഴങ്ങളില്ലാത്ത അത്തിമരം (ഏശ 34,4; ഹോസി. 2,14.15; ലൂക്കാ 13,6-9). (മത്താ 21,19).

## ദേവാലയ ശുദ്ധീകരണം 11,15-19

**11,15: പുറത്താക്കാൻ തുടങ്ങി:** ജറുസലേം ദേവാലയത്തിൽ ആരാധിക്കാനായി വന്നിരുന്ന പെസഹാതീർഥാടകരെ ദേവാലയാങ്കണത്തിൽ മൃഗങ്ങളെ വിറ്റിരുന്ന കച്ചവടക്കാർ സാമ്പത്തികമായി ചൂഷണം ചെയ്തിരുന്നു. യേശു കച്ചവടക്കാരുടെ മേശകളും ഇരിപ്പിടങ്ങളും തട്ടിമറിച്ചിടുന്നത്, എ.ഡി. 70-ൽ ജറുസലേം ദേവാലയം നശിപ്പിക്കപ്പെടുന്നതിന്റെ മുന്നവതരണമാണ്. പല പഴയനിയമസൂചനകളും ഇവിടെയു്: 1. ദേവാലയവും അതിന്റെ പുരോഹിതരെയും ശുദ്ധീകരിക്കുന്നതിനായി താൻ ആഗതനാകുമെന്ന് കർത്താവ് മലാക്കി പ്രവാചകനിലൂടെ അരുൾചെയ്യുന്നു (മലാ 3,1-4); 2. വിശുദ്ധമന്ദിരത്തിലെ ബലികളും കാഴ്ചകളും ഇല്ലാതാകുന്നതിനെപ്പറ്റി ദാനിയേൽ പ്രവചിക്കുന്നു (ദാനി 9,26.27); 3. ദേവാലയത്തിൽ ഒരു വ്യാപാരിയും ഉായിരിക്കുകയില്ലെന്ന് സഖറിയ പ്രവചിക്കുന്നു (സഖ 14,21; 13,2). **നാണയമാറ്റക്കാർ:** പ്രായപൂർത്തിയായ എല്ലാ യഹൂദരും അരഷെക്കൽ ദേവാലയനികുതിയായി നല്കാൻ കടപ്പെട്ടിരുന്നു (പുറ 30,13-16). ടയിറിൽ ഉപയോഗിച്ചിരുന്ന നാണയങ്ങളാണ് അക്കാലത്ത് നികുതിയായി സ്വീകരിച്ചിരുന്നത്.

**11,16:** മർക്കോസിൽ മാത്രം കാണുന്ന വാക്യമാണിത്. 'സേനോസ്' എന്നത് 'പാത്രങ്ങൾ' എന്നോ 'എന്തെങ്കിലും' എന്നോ പരിഭാഷപ്പെടുത്താമെന്നതിനാൽ, ദേവാലയത്തിലൂടെ 'ഒന്നും' കൊുപോകാൻ അനുവദിച്ചില്ലെന്നും ഇവിടെ അർഥമാക്കാം. ഫലത്തിൽ, ദേവാലയത്തിലെ ബലിയർപ്പണംതന്നെ ഇല്ലാതാക്കുന്ന നിരോധനമാണിത്.

**11,17: പ്രാർഥനാലയം:** ദേവാലയത്തിൽ വിജാതീയ തീർഥാടകർക്കുള്ള പുറത്തെ അങ്കണമാണ് കച്ചവടസ്ഥലമായി മാറ്റിയിരുന്നത്. ആരാധനയ്ക്കായി കർത്താവ് വിജാതീയരെ ഒരുമിച്ചുകൂട്ടുമെന്ന ഏശയ്യായുടെ പ്രവചനത്തോടുള്ള (ഏശ 56,7) പരസ്യമായ നിന്ദനമാണ് ഇവിടെയുള്ള കച്ചവടം. **കവർച്ചക്കാരുടെ ഗുഹ:** അനുതപിക്കാതിരുന്ന ജറുസലേമിനുമേലുള്ള ദൈവത്തിന്റെ ശിക്ഷാവിധിയെക്കുറിച്ച് ജറെമിയാ ദേവാലയത്തിൽവച്ചുനടത്തിയ പ്രവചനത്തിൽനിന്നുള്ള ഉദ്ധരണി (ജറെ 7,11).

## വിശ്വാസത്തിന്റെ ശക്തി 11,20-26

**11,20.21:** അത്തിമരം ഉണങ്ങുന്നത് ദേവാലയനാശത്തിന്റെ പ്രതീകമാണ്. സമൂലം ഉണങ്ങിയെന്നത് സമ്പൂർണനാശത്തെ കാണിക്കുന്നു.

**11,23: മലയോട്:** 'മലയെ മാറ്റുക' എന്നതിന് അസാധ്യമായതു ചെയ്യുക എന്നർഥമു്. ഇവിടെ മല ജറുസലേം ദേവാലയം സ്ഥിതിചെയ്യുന്ന സിയോൻമലയാണ്. തകർക്കാനാകാത്ത ദേവാലയം ഇളക്കാനാകാത്ത മലയോടുകൂടി കടലിൽ പതിക്കുമെന്നു പറഞ്ഞ് ദേവാലയനാശം ഒരിക്കൽക്കൂടി പ്രഖ്യാപിക്കുന്നു. തകർന്നുപോയ ജറുസലേം ദേവാലയം സെറുബാബേൽ പുനർനിർമിക്കുന്നതായ സഖറിയാപ്രവാചകന്റെ ദർശനവും (സഖ 4,7) ഇവിടെ സൂചിപ്പിക്കപ്പെടുന്നുാകാം. സെറുബാബേലിന്, ദേവാലയത്തിന്റെ നിർമാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിനുമുമ്പ്, മാർഗതടസം സൃഷ്ടിച്ചുകൊ് ഉയർന്നുനിന്നിരുന്ന ഒരു മല നീക്കം ചെയ്യേതായി വന്നു.

## മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർ 12,1-12

**12,1-12:** രക്ഷകനെ സ്വീകരിക്കാൻ വിസമ്മതിക്കുന്ന ഇസ്രായേലിനെതിരായ ഉപമയാണിത്. മുന്തിരിത്തോട്ടം ഇസ്രായേലിനെ ചിത്രീകരിക്കുന്നു (ഏശ 5,1-7). യഹൂദപാരമ്പര്യമനുസരിച്ച് (cf. ഏശ 5,1.2), ഗോപുരം ജറുസലേം ദേവാലയമാണ്. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർ ഇസ്രായേലിലെ മതനേതാക്കളും തോട്ടത്തിന്റെ ഉടമസ്ഥൻ ദൈവവുമാണ്. ഭൃത്യന്മാർ ദൈവം അയയ്ക്കുന്ന ദൂതരും പ്രവാചകരും പ്രിയപുത്രൻ യേശുവുമാണ് (1,11; 9,7; മത്താ 3,17; 17,5; ലൂക്കാ 3,22; 9,35). അനുതാപത്തിലേക്ക് ഇസ്രായേൽജനത്തെ നയിക്കാൻ ദൈവം നിരന്തരം നടത്തിയ ശ്രമങ്ങളെ ഇവിടെ സൂചിപ്പിക്കുന്നു് (ജറെ 3,11-14; എസെ 16,59-63; ഹോസി 2,2). മുന്തിരിത്തോട്ടം 'വേറെ ആളുകളെ' ഏല്പിക്കുമെന്നു പറയുന്നത് പുതിയ ഇസ്രായേലിനെ സൂചിപ്പിക്കാനാണ്.

**12,10.11:** പെസഹാത്തിരുനാൾ ആഘോഷിക്കാൻ ജറുസലേമിലേക്കു വന്നിരുന്ന തീർഥാടകർ ഉരുവിട്ടിരുന്ന സങ്കീ 118-ലെ ഒരു ഉദ്ധരണിയാണിത് (സങ്കീ 118,22.23). **കല്ല്:** സങ്കീർത്തനങ്ങളിൽ ഇത് ഇസ്രായേലാണ്. മറ്റു രാജ്യങ്ങളാൽ തോല്പിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയുംചെയ്ത ഇസ്രായേലിന് ജനതകളുടെ മധ്യ

ത്തിൽ ദൈവം നല്കാനിരിക്കുന്ന മഹത്ത്വത്തെക്കുറിച്ചാണ് സങ്കീർത്തകൻ പാടുന്നത്. മർക്കോസിൽ ഇത് യേശുവിനെ സൂചിപ്പിക്കുന്നു. **കർത്താവിന്റെ പ്രവൃത്തിയാണ്:** കർത്താവിന്റെ പ്രവൃത്തി യേശുവിന്റെ ദൈവിക ദൗത്യമാണു സൂചിപ്പിക്കുന്നത്.

## സീസറിനു നികുതി 12,13-17

**12,13: ഫരിസേയരെയും ഹേറോദ്യരെയും:** പുതിയനിയമ കാലത്ത് പലസ്തീനായിൽ പരസ്പര ശത്രുത യോടെ നിലനിന്നിരുന്ന രു കക്ഷികൾ. തങ്ങളുടെ രാഷ്ട്രീയ വീക്ഷണങ്ങളിൽ അവർ വിഭിന്നത പുലർത്തി യിരുന്നെങ്കിലും, യേശുവിനോടുള്ള ശത്രുതയിൽ അവർ ഒന്നിച്ചുനിന്നു (3,6). ഫരിസേയർ റോമൻഭരണ ത്തെയും പലസ്തീനായിലെ റോമൻഅധിനിവേശത്തെയും എതിർത്തപ്പോൾ ഹേറോദ്യർ ഹേറോദേസ് രാജ പരമ്പരയിലൂടെ ഇസ്രായേലിന്റെമേലുള്ള റോമൻ ഭരണത്തോട് അനുഭാവപൂർണമായ സമീപനമായിരുന്നു സ്വീകരിച്ചിരുന്നത്. **അവനെ വാക്കിൽ കുടുക്കാൻ:** യേശു നികുതിപിരിവിനെ അംഗീകരിച്ചാൽ, റോമൻ ഭരണത്തെ എതിർക്കുന്ന യഹൂദരുടെയിടയിൽ അവിടത്തെ സ്വീകാര്യത നഷ്ടമാകും; അതിനെ എതിർത്താ ലോ, ഭരണവിരുദ്ധവികാരം ഇളക്കിവിട്ടതിന്റെ പേരിൽ റോമൻ ഗവർണറുടെ മുമ്പിൽ അവിടത്തെമേൽ കുറ്റമാ രോപിക്കപ്പെടും.

**12,14:** ഇവിടെ യേശുവിനു മുഖസ്തുതി പാടുന്നത് യേശുവിനെക്കൊ് സീസറിനെതിരേ സംസാരിപ്പിക്കാ നായിരുന്നു. യൂദയാപ്രദേശം എ.ഡി. 6-ൽ റോമൻ പ്രവിശ്യയായി മാറിയതുമുതൽ യഹൂദർ എല്ലാ വർഷവും റോമൻ ചക്രവർത്തിക്ക് നികുതി കൊടുക്കണമായിരുന്നു.

**12,16: ഈ രൂപവും:** ചെറിയ വെള്ളി ദനാറയാണ് നികുതി നല്കുന്നതിനു റോമാസാമ്രാജ്യം അംഗീകരിച്ചി രുന്ന നാണയം. അതിന്റെ ഒരു വശത്ത് ചക്രവർത്തിയുടെ പുഷ്പകിരീടംചൂടിയ തലയും മറുവശത്ത് സമാധാ നദേവതയുടെ രൂപവുമാണ് ഉായിരുന്നത്. നികുതികൊടുക്കേ നാണയത്തിൽ സീസറിന്റെ 'രൂപം' മുദ്രണം ചെയ്തിരിക്കുന്നതിനാൽ സീസറിനു സ്വന്തമായത് സീസറിനുതന്നെ കൊടുക്കണം. എന്നാൽ, ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പട്ട (ഉത്പ 1,27) മനുഷ്യരെല്ലാം ദൈവത്തിനുള്ളതാണ്. (മത്താ 22,21).

**12,17:** സീസറിനെയും ദൈവത്തെയും വേർതിരിക്കുന്നതുവഴി സീസർ ദൈവമല്ല എന്നു യേശു പ്രഖ്യാപിക്കു ന്നു. സീസറിനെ ദൈവമായി കാണണമെന്ന ഉത്തരവുകൾ നേരിടേിവന്ന ക്രിസ്ത്യാനികൾക്ക് മർക്കോസ് നല്കുന്ന വ്യക്തമായ മാർഗനിർദേശം ഇവിടെ കാണാം.

## സുപ്രധാന നിയമങ്ങൾ 12,28-34

**12,28-34:** പഴയനിയമത്തിന്റെ പ്രബോധനങ്ങൾമുഴുവനും യേശു രു പ്രമാണങ്ങളിലേക്കു സംഗ്രഹിക്കുന്നു. അതിൽ ഒന്നാമത്തേതായ നിയ 6,4.5-ലെ 'ഷെമാ' ('കേൾക്കുക' എന്നർഥം) സർവപ്രപഞ്ചത്തിന്റെയും നാഥ നായ ഏകദൈവത്തിലുള്ള തങ്ങളുടെ വിശ്വാസത്തിന്റെ സംക്ഷിപ്തരൂപമായിട്ടാണ് ഇസ്രായേൽക്കാർ കി രുന്നത്. രാമത്തേത് ലേവ്യ 19,18-ൽ നിന്നെടുത്തതാണ്. മോശയുടെ നിയമങ്ങളെല്ലാം ഈ രു കല്പ നകളിൽ അടങ്ങിയിരിക്കുന്നു (പുറ 20,2-17; നിയ 5,6-21). കർത്താവിന്റെ വെളിപ്പെടുത്തപ്പെട്ട നിയമങ്ങളെ യേശു രു നിയമങ്ങളിലേക്ക് സംക്ഷേപിക്കുന്നത് പത്തു കല്പനകൾ രു കല്പലകകളിൽ എഴുതപ്പെടു ന്നതിൽ മുൻനിഴലിക്കുന്നു് (പുറ 34,1). മത്താ 22,39.

**12,28:** മോശയുടെ നിയമത്തിൽ 613 നിയമങ്ങൾ ഉള്ളതായി റബ്ബിമാർ പഠിപ്പിച്ചിരുന്നു - ഓരോ ദിവസവും പ്രതിനിധീകരിച്ച് ചെയ്യേ 365 കാര്യങ്ങളും അരുതാത്ത 248 കാര്യങ്ങളും. ഇതിന്റെ പ്രാധാന്യക്രമത്തെക്കുറിച്ച് റബ്ബിമാർക്കിടയിൽ തർക്കങ്ങളുായിരുന്നു.

**12,33: ദഹനബലികളെയും യാഗങ്ങളെയുംകാൾ:** ദൈവം നല്കുന്ന ധാർമികനിയമങ്ങൾ ദേവാലയത്തിലെ ബലിനിയമങ്ങളെക്കാൾ ശ്രേഷ്ഠമാണ് (1 സാമു 15,22; യൂദി 16,16; സങ്കീ 40, 6-8; ഹോസി 6,6; മിക്കാ 6,6-8).

## ദേവാലയ നാശത്തെക്കുറിച്ചുള്ള പഠിപ്പിക്കലുകൾ 13,1-37

**13,1-37:** ഒലിവുമലയിലെ പ്രഭാഷണം എന്ന് അറിയപ്പെടുന്ന ഈ ഭാഗത്ത് യേശു ജറുസലേമിന്റെയും ദേവാല യത്തിന്റെയും ആസന്നമായ തകർച്ചയെക്കുറിച്ച് പഠിപ്പിക്കുന്നു. വരാൻപോകുന്ന ഈ മഹാദുരന്തങ്ങളെല്ലാം തന്നിൽ പൂർത്തീകരിക്കുന്ന മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനത്തിന്റെ മുന്നോടിയും ദേവാലയകേ ന്ദ്രീകൃതമായ വ്യവസ്ഥാപിത മതാചാരങ്ങൾ കാലഹരണപ്പെടുന്നതിന്റെ സൂചനയുമായി കാണാം. ശിഷ്യരും സഭയും അഭിമുഖീകരിക്കാൻ പോകുന്ന മതമർദ്ദനം നേരിടാനുള്ള മാർഗനിർദ്ദേശങ്ങളാണ് ഈ വചനഭാഗ ത്തുള്ളത്. (മത്താ 24,1-25,46).

**13,1: ദേവാലയത്തിൽനിന്ന്:** ചുറ്റുമതിലുകളോടുകൂടിയ ജറുസലേംദേവാലയത്തിന്റെ നിർമാണം തുടങ്ങു

ന്നത് മഹാനായ ഹേറോദേസ് രാജാവിന്റെ കാലത്താണ് (ബി.സി. 20). എ.ഡി. 70-ൽ റോമാക്കാർ ജറുസലേംദേവാലയം തീവച്ചുനശിപ്പിക്കുന്നതിന് ഏഴ് വർഷം മുമ്പുമാത്രമാണ് ദേവാലയനിർമാണം പൂർത്തിയായത് (മത്താ 24,1.2). **എത്ര വലിയ കല്ലുകൾ:** ദേവാലയത്തിനായി ഉപയോഗിച്ച മാർബിൾ ശിലകളിലധികവും 40 അടിയോളം ഉയരവും 100 ടണ്ണിനടുത്ത് ഭാരവുമുള്ളവയുമായിരുന്നു. വിശാലമായ അതിന്റെ അകത്തളം 1,70,000 ചതുരശ്രഅടി വിസ്താരമുള്ളതും ഒലിവുമലയ്ക്ക് അഭിമുഖമായ അതിന്റെ കിഴക്കേ ഭിത്തി 300 അടി ഉയരമുള്ളതുമായിരുന്നു. ഒരു തരത്തിലും തകർക്കാൻ കഴിയാത്ത ഒരു കോട്ടയായി അവർ അതിനെ കിരുന്നു

**13,2 കല്ലിന്മേൽ കല്ലു ശേഷിക്കാതെ:** റോമൻ ജനറലായ ടൈറ്റസ് എ.ഡി. 70-ൽ ജറുസലേം പിടിച്ചടക്കി ദേവാലയം നിലംപരിശാക്കി. പത്തുലക്ഷത്തിലധികം യഹൂദർ ആ ദുരന്തത്തിൽ മരണമടഞ്ഞു. സോളമൻ നിർമിച്ച ദേവാലയം ബാബിലോണിയാക്കാരാൽ നശിപ്പിക്കപ്പെടുമെന്ന് (ബി.സി. 586-ൽ) പഴയനിയമ പ്രവാചകന്മാർ പ്രവചിക്കുന്നതിനു (ജറെ 26,6; മിക്കാ 3,12) സമാനമാണ് ജറുസലേം ദേവാലയത്തിന്റെ പതനത്തെക്കുറിച്ചുള്ള യേശുവിന്റെ ഈ പ്രവചനവും.

**13,6: പലരും എന്റെ നാമത്തിൽ വരും:** അപ്പ 5,35-39-ലും മറ്റനേകം ബൈബിളേതര ഗ്രന്ഥങ്ങളിലും കാണുന്നപ്രകാരം എ.ഡി. ഒന്നും രും നൂറ്റാുകളിൽ ഇസ്രായേലിൽ അനേകം സ്വയംപ്രഖ്യാപിത മിശിഹാമാർ പ്രത്യക്ഷപ്പെട്ടിരുന്നു.

**13,9: ഏല്പിച്ചുകൊടുക്കപ്പെടും:** 'പാരദീദൊമി' (13,9.11.12) എന്ന പദം യേശുവിനെ മരണത്തിന് ഏല്പിച്ചുകൊടുക്കുന്നതു സൂചിപ്പിക്കുന്നു. ഈ പദം ഇവിടെ ഉപയോഗിക്കുന്നതുവഴി വ്യക്തിപരമായ സഹനം യേശുവിന്റെ പീഡാസഹനത്തോട് ബന്ധപ്പെട്ടിരിക്കുന്നു എന്നു വ്യക്തമാക്കുന്നു.

**13,10: എല്ലാ ജനതകളോടും:** ആദിമസഭയിലെ പ്രേഷിതർ റോമാസാമ്രാജ്യത്തിലും ക്രമേണ ലോകമെങ്ങും സുവിശേഷം പ്രഘോഷിച്ചിരുന്നു. എ.ഡി. 70-ൽ ജറുസലേം തകർക്കപ്പെടുന്നതിനുമുമ്പ് ഒന്നാം നൂറ്റാിന്റെ പകുതിയോടെതന്നെ റോമാസാമ്രാജ്യം മുഴുവനുംതന്നെ സുവിശേഷം പ്രചരിച്ചിരുന്നു.

**13,14: വിനാശത്തിന്റെ മ്ലേച്ഛത:** ഇത് ബി.സി. 167-ൽ ഗ്രീക്കു ദേവനായ സീയൂസിന്റെ ഒരു വിഗ്രഹം ദേവാലയത്തിൽ സ്ഥാപിച്ച് അന്തിയോക്കസ് എപ്പിഫാനസ് രാജാവ് ദേവാലയം അശുദ്ധമാക്കിയതിനെ സൂചിപ്പിക്കുന്നു (1 മക്ക 1,31.54; cf. ദാനി 9,27; 11,31; 12,11). **പലായനംചെയ്യുക:** യഹൂദ തീവ്രവാദികൾ എ.ഡി. 67-68-ൽ ജറുസലേംദേവാലയത്തിന്റെ നിയന്ത്രണം ഏറ്റെടുത്ത് ഫാന്നിയെ പ്രധാനപുരോഹിതനായി നിയമിച്ചപ്പോൾ യഹൂദക്രിസ്ത്യാനികൾ പെല്ലയിലേക്കു പലായനംചെയ്തതിനു സമാനമാണിത്.

**13,24.25:** പ്രകൃതിയിൽ ഉാകാൻപോകുന്ന താളംതെറ്റലുകളെക്കുറിച്ച് പ്രവാചകശൈലിയിൽ യേശു സംസാരിക്കുന്നു. ഇവ ആകാശം മാറിമറിയുന്നതിനെയോ അന്തരീക്ഷം ഉരുകിവീഴുന്നതിനെയോകുറിച്ചുള്ള വാച്യാർഥത്തിലുള്ള പ്രവചനങ്ങളല്ല, മറിച്ച്, വിജാതീയ രാഷ്ട്രങ്ങളുടെ പതനത്തെക്കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങളുടെ (ഏശ 13,9.10; 34,4; എസെ 32,7.8; ജോയേ 2,10.31; ആമോ 8,9) ഓർമപ്പെടുത്തലാണ്. ഈ പ്രവചനങ്ങളിലൂടെ യേശു ജറുസലേമിന്റെ ഭാവിപതനത്തെക്കുറിച്ചു താക്കീതു നല്കുന്നു.

**13,26: മനുഷ്യപുത്രൻ:** ദാനി 7,13-ലെ രാജകീയ പ്രതിപുരുഷനുമായി യേശു തന്നത്തന്നെ താദാത്മ്യപ്പെടുത്തുന്നു. താൻ പിതാവിന്റെയൊപ്പം സിംഹാസനസ്ഥനാകുമെന്നും സാർവത്രികമായ ഒരു രാജ്യവും അനന്തമായ ആധിപത്യവും സ്ഥാപിക്കുമെന്നും യേശു ഇവിടെ ദ്യോതിപ്പിക്കുന്നു (ദാനി 7,14; മത്താ 28,18). അവിടത്തെ സ്വർഗാരോഹണവും (16,19) മഹത്ത്വത്തോടെയുള്ള രാംവരവും (അപ്പ 1,11) സൂചിപ്പിക്കുന്നവയാണ് ഈ വചനങ്ങൾ. **യേശു:** മനുഷ്യപുത്രൻ (ലൂക്കാ 17) **മേഘങ്ങളിൽ:** ദൈവസാന്നിധ്യത്തിന്റെ പ്രതീകമാണ് മേഘങ്ങൾ (പുറ 34,5; ലേവ്യ 16,2; സംഖ്യ 11,25).

**13,27: ദൂതന്മാരെ:** ഇത് അപ്പസ്തോലന്മാരെയും അവരുടെ പ്രേഷിതപ്രവർത്തനങ്ങളെയും സൂചിപ്പിക്കുന്നതാകാം (മർക്കോ 16,15). മത്താ 24,31

**13,30: ഈ തലമുറ:** യേശുവിന്റെ ഈ വാക്കുകൾ എ.ഡി. 70-ൽ അവിടത്തെ സമകാലികരുടെ ജീവിതകാലത്തുതന്നെ നിറവേറി. മത്താ 24,34.

**13,31: ആകാശവും ഭൂമിയും:** സർവസൃഷ്ടികളും എന്നാണ് ഇതിനർഥം (ഉത്പ 1,1). യേശുവിന്റെ വാക്കുകളുടെ അലംഘനീയത അവിടത്തെ ദൈവത്വത്തിന്റെ അടയാളമാണ് (സങ്കീ 102,25-27; ഏശ 40,6-8; 51,6).

**13,34-37:** ജാഗ്രതയെക്കുറിച്ചുള്ള ഹ്രസ്വമായ ഈ ഉപമ ക്രിസ്തുവിന്റെ രാംവരവിനുമുമ്പ് സഭയ്ക്ക് ചെയ്തുതീർക്കാനുള്ള ഉത്തരവാദിത്വങ്ങളെ വരച്ചുകാട്ടുന്നു.

## 14,15 അധ്യായങ്ങൾ: പീഢാസഹന മരണ ഉത്ഥാന വിവരണങ്ങൾ

**14,1-15,47:** ദീർഘമായ ആമുഖത്തോടുകൂടിയ പീഡാനുഭവവിവരണം എന്നാണ് മർക്കോസിന്റെ സുവിശേഷം അറിയപ്പെടുന്നത്. ഇതിലെ 661 വാക്യങ്ങളിൽ 242-ഉം യേശുവിന്റെ ജറുസലേമിലേക്കുള്ള രാജകീയ യാത്ര മുതൽ ഉയിർപ്പുവരെയുള്ള അവസാന ആഴ്ചയുടെ വിവരണമാണ്.

**14,1 പെസഹായ്ക്കും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളിനും:** Cf. പുറ 12,3-20; 34, 18 ലേവ്യ 23,4-8; സംഖ്യ 9,2-14; 28,16.17; നിയ 16,1-8. ഇസ്രായേൽജനം ഈജിപ്തിലെ അടിമത്തത്തിൽനിന്നു വിമോചിതരായതിന്റെ പ്രതീകമാണ് പെസഹാ. തിരുനാളിന്റെ തലേദിവസം ഉച്ചകഴിഞ്ഞ് പെസഹാക്കുഞ്ഞാടിനെ ദേവാലയാങ്കണത്തിൽ ബലിയർപ്പിച്ചിരുന്നു. സൂര്യാസ്തമയമാകുമ്പോൾ കുടുംബങ്ങളിലും തീർഥാടകസംഘങ്ങളിലും എല്ലാവരും ഒരുമിച്ചുകൂടി ആടിന്റെ മാംസവും പുളിപ്പില്ലാത്ത അപ്പവും വീഞ്ഞും പച്ചിലകളും കൊള്ളള 'സെദർ' ഭക്ഷണം കഴിച്ചിരുന്നു. ആദ്യമാസമായ നിസാൻ 15-ാം തീയതി മുതൽ 21-ാം തീയതിവരെയായിരുന്നു തിരുനാളാഘോഷം (ലേവ്യ 23,4-8; സംഖ്യ 9,1-14). പെസഹാത്തിരുനാൾ (യോഹ 6,4)

**14,2: ജനങ്ങൾ ബഹളമുാക്കാതിരിക്കാൻ:** പെസഹാ തീർഥാടകരുടെ വരവോടുകൂടി ജറുസലേം നഗരത്തിലെ ജനസംഖ്യ സാധാരണ നിലയിലുള്ള 50,000-ൽനിന്നും ഏറെ വർധിക്കും. വലിയ ഒരു ജനസഞ്ചയത്തെ പ്രകോപിപ്പിക്കുന്നത് അക്രമങ്ങളിലേക്കും ഒടുവിൽ നഗരം റോമൻ സൈന്യം കൈയ്യടക്കുന്നതിലേക്കും നയിക്കാം.

**14,3: ബഥാനിയാ:** മർക്കോ 11,1. ജറുസലേമിൽനിന്ന് ഏതാനും കി.മീ. ദൂരെയാണ് ബഥാനിയാ. **ഒരു സ്ത്രീ:** യോഹ 12,3 പ്രകാരം, ഇത് മാർത്തായുടെയും ലാസറിന്റെയും സഹോദരിയായ മറിയമാണ് (യോഹ 11,1.2). **ശുദ്ധ നാർദിൻ:** പഴയനിയമത്തിലും ഇതിനെക്കുറിച്ച് പരാമർശമു് (ഉത്ത 1,12; 4,13.14. ഇന്ത്യയിൽനിന്ന് ഇറക്കുമതി ചെയ്തിരുന്നതാകാം നാർദീൻ പരിമളദ്രവ്യം). **ശിരസിൽ ഒഴിച്ചു:** ശിരസിലെ അഭിഷേകം രാജത്വത്തിന്റെ സൂചനയാകയാൽ (1 സാമു 10,1; 2 രാജാ 9,6) യേശുവിനെ ഇസ്രായേലിന്റെ രാജാവും മിശിഹായുമായി അംഗീകരിക്കുകയാണിവിടെ.

**14,4.5:** അമർഷത്തോടെ പറഞ്ഞവർ ശിഷ്യന്മാരാണെന്ന് മത്താ 26,8-ഉം യൂദാസ് സ്കറിയോത്തയാണെന്ന് യോഹ 12,4-ഉം പറയുന്നു. **മുന്നൂറു ദനാറ:** മുന്നൂറു ദനാറയെന്നത് ഏകദേശം ഒരു വർഷത്തെ വേതനത്തിനു തുല്യമായ തുകയാണ്. (മർക്കോ 6,37).

**14,8 എന്റെ സംസ്കാരത്തിനുവേി:** കുറ്റവാളിയായി മരണത്തിനു വിധേയനാകുന്ന തന്റെ ശരീരം സുഗന്ധതൈലത്താൽ പൂശപ്പെടുകയില്ല എന്ന വസ്തുത യേശു ഇവിടെ അനുസ്മരിക്കുന്നു. കുറ്റവാളികൾക്ക് അപമാനകരവും അറിയപ്പെടാത്തതുമായ സംസ്കാരമാണ് നല്കപ്പെട്ടിരുന്നത്. യേശുവിന്റെ സംസ്കാരത്തിന് ഉാകാനിടയുള്ള കുറവ് ഈ സ്ത്രീയുടെ പ്രവൃത്തിമൂലം പരിഹരിക്കപ്പെടുകയാണ്. തന്റെ ശിരസിൽ സുഗന്ധതൈലം പൂശിക്കൊുള്ള ഈ സ്ത്രീയുടെ സ്നേഹപ്രകടനം യേശു ന്യായീകരിക്കുന്നു. മത്താ 26,12; യോഹ 12,7.

**14,12: പെസഹാഭക്ഷണം:** നിസാൻ 14-ാം തീയതി ഉച്ചകഴിഞ്ഞ് ബലിയർപ്പിച്ച പെസഹാകുഞ്ഞാടിന്റെ മാംസം അന്നു സൂര്യാസ്തമയത്തിനും അർധരാത്രിക്കുമിടയിൽ ഭക്ഷിച്ചിരുന്നു. പെസഹാ ഭക്ഷണം ജറുസലേംനഗരാതിർത്തിക്കുള്ളിൽത്തന്നെ കഴിക്കണമെന്നതിനാലാണ് (നിയ 16,5.6) എവിടെ പെസഹാഭക്ഷണം ഒരുക്കണമെന്ന് ശിഷ്യർ ചോദിക്കുന്നത്.

**14,13: ഒരു കുടം വെള്ളം:** മുൻകൂട്ടി ഒരുക്കിയ അടയാളം. കാരണം, പൊതുവേ അക്കാലത്ത് സ്ത്രീകളാണ് കുടങ്ങളിൽ വെള്ളം ചുമന്നിരുന്നത് (ഉത്പ 24,11; പുറ 2,16; യോഹ 4,7). ഒരു വ്യക്തി എന്നർഥത്തിലുള്ള ഗ്രീക്കുപദമാണ് ഇവിടെയുള്ളതെങ്കിലും അയാൾ പുരുഷനായിരുന്നുവെന്ന പ്രകടമായ സൂചനയാണുള്ളത്.

**14,15: വലിയ മാളികമുറി:** യേശുവിന് നഗരത്തിൽ സമ്പന്നരായ സുഹൃത്തുക്കളോ ശിഷ്യരോ ഉായിരുന്നുവെന്ന് അനുമാനിക്കാം.

**14,18: ഇരിക്കുമ്പോൾ:** യഹൂദർ നിന്നുകൊാണ് ആദ്യ പെസഹാ ഭക്ഷിച്ചതെങ്കിൽ (പുറ 12,11) യേശുവിന്റെ കാലത്ത് ഇരുന്നുകൊായിരുന്നു ഭക്ഷിച്ചിരുന്നത്. **എന്നോടൊപ്പം ഭക്ഷണം കഴിക്കുന്ന:** വിരുന്നുമേശയിലെ ആഴമാർന്ന സ്നേഹബന്ധത്തിനു വിരുദ്ധമായി പെസഹാവിരുന്നിൽവച്ചുതന്നെ ഒരു ശിഷ്യൻ വഞ്ചിക്കുന്നതു വെളിപ്പെടുത്തുകയാണിവിടെ (സങ്കീ 41,9). മത്തായിയുടെയും യോഹന്നാന്റെയും ഭാഷ്യത്തിൽ യൂദാസാണ് ഒറ്റിക്കൊടുക്കുന്നത് (മത്താ 26,25; യോഹ 13,26).

**14,22-26:** യേശുവിന്റെ പുതിയ ഉടമ്പടിയെക്കുറിച്ചുള്ള ഭാഗം യൂദാസിന്റെ വഞ്ചനയുടെയും (14,17-21) പത്രോസിന്റെ നിഷേധത്തിന്റെയും (14,27-31) സൂചനകൾക്കിടയ്ക്ക് വിവരിക്കുന്നു. ശിഷ്യരുടെ സ്വാർഥതയുടെയും

അവിശ്വസ്തതയുടെയും ഇടയിലാണ് യേശുവിന്റെ ആത്മത്യാഗം.

**14,22: എടുത്ത്, ആശിർവദിച്ച്, മുറിച്ച് ... നല്കി:** അപ്പം വർധിപ്പിക്കുന്ന അദ്ഭുതം വിവരിക്കുമ്പോഴും ഇതേ വാക്കുകൾതന്നെ ഉപയോഗിക്കുന്നു (മർക്കോ 6,4). മർക്കോ 6,35-44. 'ആശീർവദിച്ച്' എന്നതിന് ഉപയോഗിച്ചിരിക്കുന്ന 'യൂളോഗേസാസ്' എന്ന ഗ്രീക്കുപദത്തിന് ദൈവത്തെ സ്തുതിച്ചു, വാഴ്ത്തി എന്നാണർഥം. ലൂക്കാ 22,19-ലും 1 കോറി 11,24-ലും ഇതിനു സമാന്തരമായ 'യൂക്കരിസ്തോസ്' (നന്ദി പറഞ്ഞു) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. **ഇത് എന്റെ ശരീരമാണ്:** പെസഹാത്തിരുനാളിന്റെ പുളിപ്പില്ലാത്ത അപ്പത്തെ യേശു തന്റെ ശരീരത്തോട് ഐക്യരൂപപ്പെടുത്തുന്നു (യോഹ 6,51). മത്താ 26,26-29.

**14,24: ചിന്തപ്പെടുന്നതും:** മത്താ 26,27.28. **അനേകർക്കുവേി:** എല്ലാവർക്കും എന്നർഥത്തിലാണ് ഈ പദപ്രയോഗം. മത്താ 26,28. ഉടമ്പടിയുടെ **എന്റെ രക്തം:** ഇവിടെ പുറ 24,8-ന്റെ ധ്വനിയുു്. യാഹ്‌വേയും ഇസ്രായേലും തമ്മിലുള്ള പഴയ ഉടമ്പടി സീനായ്മലയിൽ ബലിമൃഗത്തിന്റെ രക്തംകൊു മുദ്രവയ്ക്കപ്പെട്ട പോലെ, ക്രിസ്തുവും സഭയും തമ്മിലുള്ള പുതിയ ഉടമ്പടി യേശുവിന്റെ സ്വന്തം രക്തംകൊ് മുദ്രവയ്ക്കപ്പെട്ടു. പരിശുദ്ധകുർബാന സ്ഥാപനം (മത്താ 26,26-29)

**14,26: സ്തോത്രഗീതം ആലപിച്ചശേഷം:** പെസഹാ ആചരണത്തിലുടനീളം ഹല്ലേൽ ഗീതങ്ങൾ (സങ്കീ 113 -118) ആലപിച്ചിരുന്നു.

ഏറ്റവുമൊടുവിൽ 136-ാം സങ്കീർത്തനമാണ് ആലപിച്ചിരുന്നത്. അവിടത്തെ കാരുണ്യം അനന്തമാണ് എന്ന് 26 വരികളിലും ആവർത്തിക്കുന്ന ഈ സ്തോത്രഗീതം യേശുവിന്റെ പീഡാസഹനമരണോത്ഥാനങ്ങളായ പെസഹാരഹസ്യങ്ങൾക്ക് ആമുഖമായിത്തീർന്നത് ചിന്തോദ്ദീപകമാണ്.

**14,27: ഇടയനെ അടിക്കും:** സഖ 13,7-ൽ നിന്നുള്ള ഉദ്ധരണി. ഇസ്രായേലിന്റെ ഇടയനായ മിശിഹാ ആക്രമിക്കപ്പെടുന്നതും താത്കാലികമായെങ്കിലും അവിടത്തെ ആടുകൾ ചിതറിക്കപ്പെടുന്നതും സഖറിയാ മുൻകൂട്ടി കാണുന്നു. ദൈവത്തിന്റെ അജഗണത്തെ ഒരുമിച്ചുകൂട്ടാനും വിശുദ്ധീകരിക്കാനുമായി സൃഷ്ടിക്കപ്പെട്ട ഒരു സാഹചര്യമായാണ് പ്രവാചകൻ ഇതിനെ കാണുന്നത് (സഖ 13,8.9). യേശുവിനെ ബന്ധിക്കുമ്പോൾ ശിഷ്യന്മാർ ചിതറിക്കപ്പെടുകയും പ്രവചനം പൂർത്തിയാകുകയും ചെയ്യുന്നു (മർക്കോ 14,49.50).

**14,32: ഗത്സെമനി:** 'എണ്ണച്ചക്ക്' എന്നർഥമുള്ള ഹീബ്രുപദം. ഒലിവുമലയുടെ പടിഞ്ഞാറേ ചരിവിൽ ജറുസലേമിനഭിമുഖമായി സ്ഥിതിചെയ്തിരുന്ന തോട്ടമായിരുന്നു ഇത് (യോഹ 18,1).

**14,45: ചുംബിച്ചു:** വാത്സല്യത്തിന്റെ അടയാളമായ ഒരു പ്രവൃത്തി (ലൂക്കാ 7,45; റോമാ 16,16; 1 പത്രോ 5,14) യൂദാസ് ചതിയുടെ അടയാളമാക്കി വികൃതമാക്കുന്നു (സുഭാ 27,6). ശിഷ്യന്മാർ തങ്ങളുടെ റബ്ബിമാരെ ചുംബിച്ചുകൊാണ് അഭിവാദനംചെയ്തിരുന്നത്.

**14,53: അവർ ... ഒരുമിച്ചുകൂടി:** പ്രധാന പുരോഹിതരും ജനപ്രമാണികളും നിയമജ്ഞരും ഉൾപ്പെടുന്ന ന്യായാധിപസംഘംമുഴുവനും ഔപചാരികമായി രാത്രിയിൽത്തന്നെ സമ്മേളിച്ചതായാണ് മർക്കോസ് വിവരിച്ചിട്ടുള്ളത്. കയ്യാഫാസിന്റെ വീട്ടിൽവച്ചു നടന്നത് ഔദ്യോഗിക വിചാരണയാകാൻ വഴിയില്ല. സാൻഹെദ്രിന്റെ ഔദ്യോഗികയോഗങ്ങൾ പകൽസമയത്താണ് നടത്തിയിരുന്നത്. മാത്രമല്ല, പ്രധാനപുരോഹിതന്റെ ഭവനമല്ല, ദേവാലയത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള പ്രത്യേക മുറിയാണ് സാൻഹെദ്രിന്റെ ഔദ്യോഗിക സമ്മേളന സ്ഥലം. റോമാക്കാർ വിചാരണനടത്തിയിരുന്നത് പ്രഭാതത്തിലായിരുന്നതിനാൽ, അതിനുമുമ്പേ യഹൂദവിചാരണ തിരക്കിട്ടു പൂർത്തിയാക്കിയെന്ന് ഇവിടെ മനസിലാക്കാം. **മഹാപുരോഹിതൻ:** എ.ഡി 18-36 വരെ ജറുസലേമിൽ അധികാരത്തിലുായിരുന്ന കയ്യാഫാസ്. ഈ കാലയളവിൽ സാൻഹെദ്രിൻ എന്ന യഹൂദകോടതിയുടെ അധ്യക്ഷത നിർവഹിച്ചിരുന്നതും അദ്ദേഹംതന്നെയായിരുന്നു.

**14,55: ന്യായാധിപസംഘം മുഴുവനും:** ജറുസലേമിൽ കൂടിയിരുന്ന യഹൂദരുടെ പരമോന്നത നീതിപീഠം (മർക്കോ 15,1; അപ്പ 5,27; 23,1). ബി.സി. രാം നൂറ്റാോടുകൂടി തുടക്കംകുറിച്ചതായി കരുതപ്പെടുന്ന ഇതിന്റെ പ്രാഥമിക ഉദ്ദേശ്യം യഹൂദനിയമങ്ങളും പാരമ്പര്യങ്ങളും ജനങ്ങളുടെയിടയിൽ നടപ്പിലാക്കുക എന്നതായിരുന്നു. സാൻഹെദ്രിനിൽ 71 അംഗങ്ങൾ ഉായിരുന്നു. മഹാപുരോഹിതൻ, ജറുസലേമിലെ സുപ്രധാന കുടുംബങ്ങളിലെ മുഖ്യർ, പ്രധാനപുരോഹിതന്റെ കാര്യാലയത്തിന്റെ മേൽനോട്ടം നിർവഹിച്ചിരുന്ന മുഖ്യപുരോഹിതൻ, മോശയുടെ നിയമത്തിൽ പ്രാഗത്ഭ്യമുായിരുന്ന നിയമജ്ഞർ എന്നിവരടങ്ങിയ സംഘത്തിൽ അധികംപേരും ഫരിസേയരോ സദ്ദുക്കായരോ ആയിരുന്നു (അപ്പ 23,6-10). റോമൻ ഭരണത്തിന്റെ കീഴിലായിരുന്നപ്പോഴും മതപരവും രാഷ്ട്രീയവുമായ കാര്യങ്ങൾ നിയന്ത്രിക്കാൻ തക്കവിധം സ്വാതന്ത്ര്യം അവർ നിലനിറുത്തിയിരുന്നു. വധശിക്ഷ നടപ്പിലാക്കാനുള്ള അധികാരം മാത്രമായിരുന്നു അവർക്ക് നല്കപ്പെടാതിരുന്നത് (യോഹ 18,21). ന്യായാധിപസംഘം (ലൂക്കാ 22,66).

**14,63: വസ്ത്രം വലിച്ചുകീറിക്കൊ്:** ദുഃഖവും തീവ്രമനഃക്ഷോഭവും പ്രകടിപ്പിക്കുന്ന ഒരു പ്രവൃത്തിയെന്ന നിലയിൽ ബൈബിളിൽ പലയിടത്തും ഇതു കാണുന്നു് (ഉത്പ 37,29; 2 രാജാ 19,1; എസ്രാ 9,3). പുരോഹിതർ തങ്ങളുടെ വസ്ത്രം കീറുന്നതു വിലക്കുന്ന മോശയുടെ നിയമം (ലേവ്യ 10,6; 21,10) മഹാപുരോഹിതൻ ഇവിടെ ലംഘിക്കുകയാണ്.

**14,64: ദൈവദൂഷണം:** സ്വർഗീയസിംഹാസനത്തിൽ താൻ ഉപവിഷ്ടനാകുമെന്ന് യേശു പറയുന്നത് ദൈവ നാമത്തോടുള്ള ദൂഷണമായി അവർ കണക്കാക്കുന്നു. ലേവ്യർ 24,16 പ്രകാരം വധശിക്ഷ അർഹിക്കുന്ന ഏറ്റവും വലിയ കുറ്റം സാൻഹെദ്രിൻ  യേശുവിന്റെമേൽ ചുമത്തുന്നു.

**15,2: പീലാത്തോസ്:** റോമായിൽനിന്നും നിയോഗിക്കപ്പെട്ട യൂദയായുടെ പ്രൊക്കുറേറ്റർ (എ.ഡി. 26-36). നീതി നിർവഹിക്കാൻ താല്പര്യമുള്ളവനായി സുവിശേഷകൻ പീലാത്തോസിനെ ചിത്രീകരിക്കുന്നുങ്കിലും ചരിത്രരേഖകളിൽ ക്രൂരനും മർക്കടമുഷ്ടിക്കാരനുമാണ്. അദ്ദേഹത്തിന്റെ ആസ്ഥാനം കേസറിയാ മരിത്തീമ ആയിരുന്നെങ്കിലും പെസഹാത്തിരുനാൾ കാലത്ത് ജറുസലേമിൽ വരുമായിരുന്നു.

**15,7: ബറാബ്ബാസ്:** 'പിതാവിന്റെ പുത്രൻ' എന്നർഥം വരുന്ന ഒരു അരമായ നാമം. പിതാവിന്റെ യഥാർഥ പുത്ര നായ നിഷ്കളങ്കനായ യേശുവിനുപകരം കുറ്റവാളിയായ ബറാബ്ബാസ് വിട്ടയയ്ക്കപ്പെടുന്നു (മർക്കോ 1,1.11; 3,11; 9,7; 15,39). മത്താ 27,16.17.

**15,16: പ്രത്തോറിയം:** മഹാനായ ഹേറോദേസ് നിർമിച്ചു നല്കിയതാണ് പീലാത്തോസിന്റെ ജറുസലേമിലെ ഈ ഔദ്യോഗിക വസതി.

**15,22: ഗോൽഗോഥാ:** 'തലയോട്ടി' എന്നർഥമുള്ള 'ഗുൽഗൽതാ' എന്ന അരമായപദം ഗ്രീക്കുലിപികളിൽ എഴു തിയതാണിത്. ഇതിന് ലത്തീൻഭാഷയിലുള്ള പദമാണ് കാൽവാരിയും. ജറുസലേംകോട്ടയ്ക്കു വെളിയിലുള്ള ഈ സ്ഥലം കുറ്റവാളികളെ വധശിക്ഷയ്ക്കു വിധേയരാക്കാൻ പതിവായി ഉപയോഗിച്ചിരുന്നു.

**15,25: മൂന്നാം മണിക്കൂറായിരുന്നു:** രാവിലെ 9 മണി എന്നർഥം. തുടർന്ന് മൂന്നു മണിക്കൂർ ഇടവിട്ടുള്ള സമ യമാണ് സൂചിപ്പിക്കപ്പെടുന്നത് (cf. 33.34.42). ഈ ഓരോ സന്ദർഭവും മർക്കോസ് വിവരിക്കുന്നത് ചരിത്രപര മായ സംഭവങ്ങളുടെ ക്രമാനുഗതമായ വിവരണം എന്നതിനെക്കാൾ ആരാധനാക്രമപരവും മതബോധനപര വുമായ രീതിയിലാണ് എന്ന് അനുമാനിക്കപ്പെടുന്നു. ആദിമസഭയിൽ നിലനിന്നിരുന്ന പ്രാർഥനാവേളകളായി രിക്കാം ഇതു സൂചിപ്പിക്കുന്നത്.

**15,33: ആറാം ... ഒമ്പതാം മണിക്കൂർ വരെ:** ഉച്ചയ്ക്ക് 12.00 മണിമുതൽ 3.00 മണിവരെ. മത്താ 27,45. **അന്ധ കാരം:** സൃഷ്ടിക്കുമുമ്പ് എല്ലാം അന്ധകാരമയമായിരുന്നു (ഉത്പ 1,2.3). പുറപ്പാടിൽ അന്ധകാരമെന്ന ശിക്ഷ യെക്കുറിച്ചു നാം വായിക്കുന്നു (പുറ 10,21-23); കർത്താവിന്റെ ദിനം അന്ധകാരമയമായിരിക്കുമെന്ന് പ്രവാച കൻ പറയുന്നു (ആമോ 8,9.10). ഭയാനകമായ അന്ധകാരത്തെ പഴയനിയമം പാപത്തിനുമേലുള്ള ദൈവ ത്തിന്റെ ശിക്ഷാവിധിയുമായി ബന്ധിപ്പിക്കുന്നു് (പുറ 10,21-23; ഏശ 13,10.11; ആമോസ് 8,9). അന്ധകാരശ ക്തികളുടെ വിജയമാണ് തുടർന്നു നാം കാണുന്നത്.

**15,34: എലോയ്, എലോയ്:** സങ്കീ 22,2-ൽ നിന്നുള്ള അരമായ ഭാഷയിലുള്ള പദപ്രയോഗം. മത്താ 27,44. 22-ാം സങ്കീർത്തനത്തിന്റെ മുഴുവൻപശ്ചാത്തലം അതിന്റെ പ്രത്യാശാനിർഭരമായ പര്യവസാനമാണെന്നു കണക്കി ലെടുക്കുമ്പോൾ, യേശുവിന്റെ പിതാവിലുള്ള പ്രത്യാശതന്നെയാണ് ഇവിടെ പ്രമേയമെന്നു പറയാം (ലൂക്കാ 23,46). മിശിഹായുടെ പീഡാസഹനവും അതിനെത്തുടർന്നു വരാനിരിക്കുന്ന വിജയവും ഇതു പ്രവചിക്കുന്നു. മനുഷ്യപാപങ്ങൾ തന്റെമേൽ ഏറ്റെടുത്ത ദൈവപുത്രൻ ആ പാപത്തിന്റെ ഫലമായ നരകാനുഭവത്തിലൂടെ കടന്നുപോകുന്നതിന്റെ പ്രഖ്യാപനം ഈ വിലാപത്തിൽ കാണാം (റോമാ 5,8; 1 പത്രോ 2,24; 3,18). മത്താ 27,46.

**15,36:** നീർപഞ്ഞിയിൽ മുക്കിയ വിനാഗിരി സാധാരണ കർഷകർ ഉപയോഗിച്ചിരുന്ന വിലകുറഞ്ഞ പാനീയമാ യിരുന്നു.